# BISHOP'S Engagements



## JUNE 2024

01 : Holy Mass, Metropolitan Cathedral, Changanachery
: House blessing, Viswasapuram
08 : Eparchial day & reception to the New Major Archbishop at Cathedral, RNM
09 : Holy Mass, Podannur
14-15 : Family visit, Poomarket & Vadavally
16 : Pastoral visit, Poomarket & Vadavally
19-20 : Engaged-approval of therattu
21-22 : Family visit, Sulur
23 : Pastoral visit, Sulur
24-25 : Tri-monthly gathering of priests at Santhom Pastoral centre
25 : Housing project meeting



## From the Bishop's Diary

**മെയ് 2024**

02 – 12: കുവൈറ്റിൽ സന്ദർശനം നടത്തി. വിവിധ ദൈവാലയങ്ങളിൽ വി. ബലിയർപ്പിച്ച് സന്ദേശങ്ങൾ നൽകി.

03 : രാമനാഥപുരത്തുള്ള എഫ്.സി.സി. കോൺവെന്റ് സന്ദർശിച്ച് വി. ബലിയർപ്പിച്ചു.

18 : സാന്തോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെയും സമർപ്പിതരുടെയും സംയുക്ത സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും വിശുദ്ധ ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

19 : വെങ്ങിണിശ്ശേരി ദൈവാലയത്തിൽ നടന്ന ഫാമിലി അസോസിയേഷൻ മീറ്റിങ്ങിൽ പങ്കെടുക്കുകയും വിശുദ്ധബലി

അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

20 : ആനന്ദപുരത്ത് പുതിയ വീടിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി.

: പെരിഞ്ചേരി ദൈവാലയത്തിൽ വിവാഹം ആശിർവദിച്ച് വിശുദ്ധ ബലി അർപ്പിച്ചു.

25 : ആവിലാ കോൺവെന്റിൽ വച്ച് നടന്ന സിഎംസി സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയിൽ പങ്കെടുക്കുകയും വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു

26 : ഗാന്ധിപുരം ദൈവാലയത്തിൽ വച്ച് നടന്ന കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു.

27 : പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു.

31 : കണ്ടാണശ്ശേരി (തൃശ്ശൂർ) ദൈവാലയത്തിൽ വിശുദ്ധ ബലി അർപ്പിച്ച് സന്ദേശം നൽകി.

---

# “സുവിശേഷവല്ക്കരണം - 2035” വിശ്വാസവർഷം (2024)

## (ജൂൺ മാസത്തിൽ പഠനത്തിനും ചർച്ചയ്ക്കുമുള്ള വിഷയം:)

‘യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു സർവ്വശക്തനായ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു.‘

യേശുവിന്റെ സ്വർഗ്ഗാരോഹണവും പിതാവായ ദൈവത്തോടൊപ്പമുള്ള അവിടുത്തെ സഹവാസവും നമ്മുടെ വിശ്വാസപ്രഘോഷണത്തിന്റെ ഭാഗമാണ്. വിശുദ്ധ മർക്കോസ് അറിയിച്ച സുവിശേഷത്തിന്റെ പതിനാറാം അധ്യായത്തിന്റെ പത്തൊൻപതാം തിരുവചന ഭാഗമാണ് ഈ വിശ്വാസപ്രഘോഷണത്തിന് ആധാരമായി നിലകൊള്ളുന്നത്. “അങ്ങനെ കർത്താവായ യേശു അവരോട് സംസാരിച്ചതിനു ശേഷം സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെടുകയും ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുകയും ചെയ്തു”. ഉത്ഥാന ശേഷമുള്ള ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രത്യേകത എന്താണ്? അത് മഹാദീപ്തമായ ശരീരമാണ്. “അവിടുത്തെ ശരീരം ഉത്ഥാന ശേഷം സ്ഥിരമായി അനുഭവിക്കാവുന്ന നവീനവും പ്രകൃത്യാതീതവുമായ സവിശേഷതകൾ കൊണ്ട് അത് തെളിയിക്കപ്പെടുന്നു” (CCC 659). ഇപ്പോൾ സ്വാഭാവികമായ ഒരു സംശയം ഉണ്ടാകാം. ക്രിസ്തുവിന്റെ ഉത്ഥാനത്തിനും